## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.275 — 12.01.2021 ൽ മറുപടിക്ക്

### കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീമതി വീണാ ജോർജ്ജ് : | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും , രണ്ടാം ഘട്ടത്തിൽ 43 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ 504 സ്ഥാപനങ്ങളെയും മൂന്നാം ഘട്ടത്തിൽ 212 സ്ഥാപനങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>കുടുംബാരോഗ്യ കേന്ദ്രങ്ങളായി തിരഞ്ഞെടുത്ത ഒന്നാം ഘട്ടത്തിലെ 170 സ്ഥാപനങ്ങളിൽ പ്രളയബാധിതമായവയും നിർമ്മാണ പ്രവർത്തനം ആവശ്യം വന്നവയൊഴിച്ചുള്ള എല്ലാം നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു (163 എണ്ണം). രണ്ടാം ഘട്ടത്തിലെ 504 ൽ 235 ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. സ്ഥല സൗകര്യങ്ങളുടെ കുറവുമൂലം പ്രധാന നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്ന 34 കേന്ദ്രങ്ങളൊഴികെ മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br><br>മൂന്നാം ഘട്ടത്തിലെ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | നിലവിൽ കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് പരിഗണിക്കപ്പെട്ടിട്ടുള്ളവ ഏതെല്ലാമാണ്; ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ? | | |

Hari

സെക്ഷൻ ഓഫീസർ